# കുട്ടനാട്ടിലെ നെൽകൃഷി വിളവെടുപ്പ് അവശ്യ സർവ്വീസാക്കുന്നു: മന്ത്രിതല യോഗം ഇന്ന്

ആലപ്പുഴ: കുട്ടനാട്ടിലെ നെൽകൃഷി വിളവെടുപ്പ് അത്യാവശ്യ സർവ്വീസ് ആയി പരിഗണിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അതേപറ്റി ചർച്ച ചെയ്യാൻ ഇന്ന് (മാർച്ച് 26) രാവിലെ 10.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഉന്നത തല യോഗം ചേരുമെന്ന് ജില്ലയുടെ ചുമതലയുള്ള പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി.സുധാകരൻ അറിയിച്ചു. മന്ത്രിമാരായ ജി. സുധാകരൻ, വി.എസ്. സുനിൽകുമാർ, ഡോ.ടി.എം. തോമസ് ഐസക്, പി.തിലോത്തമൻ, ജില്ല കളക്ടർ എം. അഞ്ജന, എ.ഡി.എം, ആർ.ഡി.ഒ, കുട്ടനാട് തഹസിൽദാർ എന്നിവർ യോഗത്തിൽ പങ്കെടുക്കും. സിവിൽ സപ്ലൈസിലേയും കൃഷി വകുപ്പിലെയും പ്രധാന ഉദ്യോഗസ്ഥരും കൊയ്ത്തുമെതി യന്ത്രങ്ങൾ സപ്ലൈ ചെയ്യുന്ന ഏജൻസികളും യോഗത്തിൽ പങ്കെടുക്കും.

ഇന്നലെ ചേർന്ന (25-03-2020) മന്ത്രിസഭാ യോഗം പാലക്കാട്, തൃശ്ശൂർ, കുട്ടനാട് എന്നീ നെൽകൃഷി മേഖലകളിലെ വിളവെടുപ്പ് അത്യാവശ്യ സർവ്വീസ് ആയി പരിഗണിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് അത് നടപ്പിലാക്കുന്നതിനെപ്പറ്റി ആലോചിക്കാൻ ഉന്നതതല യോഗം ചെരുന്നത്. കൊറോണ പ്രശ്നം ഉണ്ടെങ്കിലും വിളവെടുപ്പ് നടത്തിയില്ലെങ്കിൽ ആയിരക്കണക്കിന് ടൺ നെല്ല് നഷ്ടപ്പെടുമെന്ന സാഹചര്യമുണ്ട്. നെല്ല് എടുത്തില്ലെങ്കിൽ കൃഷിക്കാരുടെ ജീവിതം കഷ്ടത്തിലാകും. കൂടാതെ കേരളത്തിന്റെ ഭക്ഷ്യ സുരക്ഷയെയും അത് പ്രതികൂലമായി ബാധിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആവശ്യമെങ്കിൽ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയും തൊഴിലാളി പ്രതിനിധികളുടെയും കർഷക സംഘടനകളുടെയും യോഗം പിന്നീട് വിളിക്കുമെന്നും മന്ത്രി സുധാകരൻ അറിയിച്ചു.